## ലിറ്റിൽ കൈറ്റ്സ് 2018-2019

## ജി.വി.എച്ച്.എസ്.എസ്.വാളത്തുംഗൽ

# ഉജ്ജ്വലം 2018-2019

## അക്ഷരമുത്തങ്ങിക്കൊരു ഡിജിറ്റൽ മാഗസീൻ

# ഉജ്ജ്വലം



# ഉജ്ജ്വലം

ഓരോ കാലവും വിദ്യാർത്ഥികളിൽ നിന്നും ആവശ്യപ്പെടുന്നത് വ്യത്യസ്തമായ കഴിവുകളാണ്.തലമുറകൾ പിന്നിടുമ്പോൾ അറിവിൻെറ വാതായനങ്ങൾ മാറി വരും. ഇന്ന് നാം കമ്പ്യൂട്ടർ യുഗത്തിലാണ് ജീവിക്കുന്നത്.കല്ലുകളിൽ കൊത്തിവച്ച് നമ്മുടെ പൂർവ്വികർ തുടങ്ങിയ എഴുത്ത് സമ്പ്രദായം കടലാസ്സുകളെയും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളായി മാറി.എഴുത്താണിയുടെ സ്ഥാനം കീബോർഡ് കയ്യടക്കി കഴിഞ്ഞു. കയ്യെഴുത്തുമാസികകളോ ഇ-മാഗസിനുകളും.തന്റെ കാലത്തെ അറിയാൻ തന്റെ ചുറ്റുപാടിനെ അറിയാൻ,മനസ്സിലാക്കാൻ ഈ സാങ്കേതികവിദ്യ ഉപകരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്......................

എഡിറ്റർ



# സ്ക്രൂൾ ഹെഡ്മിസ്ട്രസ്സ്



## സന്ദേശം

പുതിയതലമുറയുടെ പ്രതീക്ഷയായ സാങ്കേതികവിദ്യയോടുള്ള ആഭിമുഖ്യം ഗുണകരമായി പ്രയോജനപ്പെടുത്തുന്നതിനായി വാളത്തുംഗൽ ഗവൺമെൻറ് വൊക്കേഷണൽ ഹയർസെക്കൻറിസ്ക്കൂൾ (ഗേൾസ്)-ലും ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ആരംഭമെന്ന നിലയിൽ തയ്യാറാക്കിയ ഇ-മാഗസീൻ നിർമ്മിച്ചു പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം അറിയിക്കുന്നു.മാഗസീൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും സാരഥികൾക്കും അഭിനന്ദനം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ജമീലത്ത്.എ(എച്ച്.എം)

# ഉജ്ജ്വലത്തിനു പിന്നിൽ

എസ്.ദേവിക

ഷാഹിന.എസ്

തസ്ലിമ.റ്റി

കാർത്തിക ജയവന്ദ്

നീതു ഗോപൻ

സുനിത.എസ്

ഹാജിറ.എസ്


NGC - ECO - CLUB
Govt. VHSS VALATHUNGAL
Funded by MoEF & KSCTE


കൈറ്റ്മിസ്ട്രസ്സ്


എസ്.ഐ.ടി.സി


കൈറ്റ്മിസ്ട്രസ്സ്

# ഉള്ളടക്കം



മഴവിൽ പെൺകൊടി

കുഞ്ഞനുറുമ്പും കുഴിയാനയും

ഇൻറർനെറ്റും വൈറസ്സും

ജീവിതം

ഗ്ളോബൽ പൊസിഷനിങ് സിസ്റ്റം

പുകഞ്ഞുകത്തുന്ന കാട്

അസിമോ

ഗുരു

മഴ

ഓഗ്മെൻറസ് അനലിറ്റിക്സ്

ഗ്രാമഭംഗി

പരിതസ്ഥിതിക്ക് അനുയോജ്യയ്യം ജൈവകൃഷി

സോഫിയ

മലയാളം ഐ.ടി.ക്വിസ്

വസന്തകാലം

കുട്ടികളുടെ സൃഷ്ടികൾ ജിമ്പിൽ

സ്കൂൾ പാർലമെൻറ് തെരെഞ്ഞോടുപ്പ്

ശാസ്ത്രലോകത്തേക്ക് ഒരു എത്തിനോട്ടം

നവോത്ഥാന കേരളം

# മഴവിൽ പെൺകൊടി



മഴവിൽ അഴകിൽ വർണങ്ങൾ
നിറകുടമായൊരു വർണങ്ങൾ
ഏഴുനിറത്തിൽ വർണരാജികൾ
നിരന്നു നിന്നേ മാനത്ത്
കളകളമാം പൊന്നരുവികൾ തോറും
ഉദിച്ചു നിന്നേ ചന്തത്തിൽ
നീരാടാനും കലവികൾ കൊള്ളാൻ
നിലനിൽക്കുന്നു നൃത്തത്തിൽ
എന്തൊരു ഭംഗി നിന്നേ കാണാൻ
പലവർണത്തിൽ പല ചാരുതയിൽ
മിന്നി നിറഞ്ഞേ മാനത്ത്
പൂന്തിങ്കൾ ശോഭിതമാണെൻ
മഴവിൽ അഴകിൽ വർണങ്ങൾ

സുനിത എസ് (9 എ)

# കുഞ്ഞനുറുമ്പും കുഴിയാനയും

ആരാണവിടെ പൂഴിക്കുഴിയിൽ
ഞാനാണല്ലോ കുഴിയാന...
എന്താണവിടെ പൂഴിക്കുഴിയിൽ
തടഞ്ഞുവീണേൻ ഞാനിപ്പോൾ



നിഷ (7 എ)

# ഇൻറർനെറ്റും വൈറസ്സും

കമ്പ്യൂട്ടറിനോടൊപ്പം തന്നെ ആളുകളുടെ മനസ്സിൽ കയറിപറ്റിയ ഒരു വാക്കാണ് വൈറസ്സ്. ഇൻറർനെറ്റ് ഉപയോഗിക്കുന്ന എല്ലാവരും ശ്രദ്ധിക്കേണ്ട ഒന്നാണ് വൈറസ്സ്. മറ്റുള്ള കമ്പ്യൂട്ടർ പ്രോഗ്രാമുകൾ പോലെ തന്നെ ഒരു പ്രോഗ്രാമാണ് വൈറസ്സ് പ്രോഗ്രാമുകൾ എന്ന് നമുക്ക് അറിവുള്ളതാണല്ലോ. അതിസമർത്ഥരായ കമ്പ്യൂട്ടർ വിദഗ്ധരാണ് വൈറസ്സുകൾ പടച്ചുവിടുന്നത്. അതുകൊണ്ടുതന്നെ ഇതിനെതിരെ ഫലപ്രദമായി എന്തെങ്കിലും ചെയ്യണമെങ്കിൽ വളരെയധികം ജാഗ്രത ആവശ്യമാണ്.

വൈറസ്സ് ഏതെങ്കിലും വഴിയിൽക്കൂടി കമ്പ്യൂട്ടറിൽ കടന്നാൽ ആദ്യം ചെയ്യുന്നത് കമ്പ്യൂട്ടറിലുള്ള ഏതെങ്കിലും പ്രോഗ്രാമുമായി സ്വയം ബന്ധിപ്പിക്കുകയാണ്. വൈറസ്സുകളെ തന്നെ പല ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. പ്രോഗ്രാമുകളിൽ കയറി പറ്റി അവസരം കിട്ടുമ്പോൾ പ്രശ്നമുണ്ടാക്കുന്ന തരം വൈറസ്സുകളാണ് പ്രോഗ്രാം വൈറസ്സുകൾ. അതുപോലെ കമ്പ്യൂട്ടറിന്റെ ഹാർഡ്ഡിസ്കിന്റെ ബൂട്ട് സെക്ടറിൽ കടന്നുകൂടി കമ്പ്യൂട്ടർ സ്റ്റാർട്ട് ചെയ്യുമ്പോൾ പ്രവർത്തിക്കുന്ന തരം വൈറസ്സുകളാണ് ബൂട്ട് സെക്ടർ വൈറസ്സുകൾ.

ഇത്തരത്തിലുള്ള കമ്പ്യൂട്ടർ  വൈറസുകൾക്കെതിരെ നാം പ്രയോഗിക്കുന്ന വജ്രായുധമാണ് ആന്റി വൈറസ് പ്രോഗ്രാമുകൾ. ഹാർഡ്ഡിസ്കിലും ഫ്ളോപ്പിയിലും മറ്റും തിരഞ്ഞ് വൈറസുകളെ കണ്ടെത്തി നശിപ്പിക്കുന്ന പ്രോഗ്രാമുകളാണവ. ഇവയ്ക്ക് സാധാരണയായി നാം കനത്ത വില നൽകേണ്ടി വരും.

ബിന്ദു ബി

എസ്.ഐ.ടി.സി

# ജീവിതം

എന്നൊരു ജന്മസാഫല്യമീ-വേളയിലത്രയുമർഥികളാം
മായാതെ മങ്ങാതെ തൂവാതെ ചായാതെ
കണ്ണീർക്കണങ്ങളാൽ പെയ്തൊഴിഞ്ഞു
ഇനിയിത്ര വയ്യതൻ ശയ്യയിലാണ്ടുതൻ
ആഗ്രഹം വെന്ത് വെണ്ണീറിനാൽ പോയിടാം
ദുഃഖങ്ങൾ വന്നിട്ടുമഖിലമെല്ലാം
ദു:ഖ പ്രപഞ്ചമീ പൂ മഴയാൽ
നിത്യ ചൈതന്യനോതി നിൽക്കും വൃദ്ധർക്കാ-
ശ്വാസമില്ല പരിശുദ്ധിയാൽ
എങ്കിലും കൈക്കൊണ്ടഹംബുദ്ധി നേടിയ
ജീവിതം തന്നിടാമീ കെട്ടുതിയിൽ
ഇനിയെത്ര നിർദ്ദയം ദൃഢതയാർന്നീടവെ
ഇനി വേണ്ട ഇനി വേണ്ട എന്ന മന്ത്രം
ഉരുവിട്ടും ലോകമീ നിന്റെ മുൻപിൽ
അട്ടഹാസത്തിൽ നിലവിളി ഉയരുന്ന
മഴയെ നിനക്ക് പ്രണാമമോതാം....

അഞ്ജ്മി. എച്ച്

# ഗ്ലോബൽ പൊസിഷനിങ്

# സിസറ്റം




ഭൗമോപരിതല വസ്തുക്കളുടെ അക്ഷാംശ- രേഖാംശ സ്ഥാനം,ഉയരം,സമയം എന്നിവ നന്നായി മനസിലാക്കാൻസഹായിക്കുന്ന സംവിധാനമാണ് ഗ്ലോബൽപൊസിഷനിംഗ്സിസ്റ്റം[GPS].ഭൗമോപരിതലത്തിൽ നിന്ന് 20000 മുതൽ 20200 കിലോമിറ്റർ വരെയുള്ളഉയരത്തിൽ ആറ് വ്യത്യസ്ത ഭ്രമണ പഥങ്ങളിലായി24 ഉപഗ്രഹങ്ങളുടെ ഒരു ശ്രേണിയാണ് സ്ഥാനനിർണയം നടത്തുന്നത് . ഉപഗ്രഹങ്ങളിൽ നിന്നു വരുന്നസിഗ്നലുകൾ നമ്മുടെ കൈവശമുള്ള സ്വീകരണ ഉപാദിയിൽ(Receiver)ലഭ്യമായാൽ സഥാനംനിർണയിക്കാൻ കഴിയും.

ദേവിക (9 എ)

# പുകഞ്ഞു കത്തുന്ന കാട്

ലോകത്തിൻെറ പലഭാഗത്തും അപ്രതീക്ഷിതമായി ഉണ്ടാകുന്ന ദുരന്തങ്ങളിലൊന്നാണ് കാട്ടുതീ . മനുഷ്യരേക്കാളേറെ മരങ്ങളെയും മൃഗങ്ങളെയും ചുട്ടുചാമ്പലാക്കുന്ന കാട്ടുതീ പ്രകൃതിയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ചില്ലറയല്ല. കഴിഞ്ഞ നൂറ്റാണ്ടിൽ ലോകമെമ്പാടുമുണ്ടായിട്ടുള്ള കാട്ടുതീ ദുരന്തങ്ങളുടെ കണക്കെടുത്താൽ ഈ അടുത്തകാലത്തായി അവയുടെ എണ്ണം വർദ്ധിച്ചതായി കാണാം.ആഗോളതാപനമാണ് ഇതിന് കാരണം.

അഖില സുരേഷ് (8 എ)

# അസിമോ

ജപ്പാനിലെ പ്രമുഖ വാഹനനിർമ്മിതാ-
ക്കളായ ഹോണ്ട കമ്പനി നിർമ്മിച്ച യന്ത്രമനുഷ്യനാണ്
അസിമോ.ADVANCED STEP IN INNOVATIVE MOBILITY യുടെ
ചുരുക്കമാണ് അസിമോ.

ലോകത്തെ ആദ്യത്തെ സമ്പൂർണ്ണ ഹ്യൂമ-നൊയിഡ് റോബോട്ടാണ്
അസിമോ.




ഹോണ്ട കമ്പനി




അസിമോ.


ഷാഹിന (9 എ)

# ഗുരു

ഇരുളകറ്റിയെൻ ബുദ്ധിയിൽ
പ്രകാശം ചൊരിഞ്ഞൊരാ
ആദ്യ ഗുരുചിതാദ്യം വന്ദനം.....
ദൈവനാമമാ കടലാസു തൻ മാറിൽ-
കുറിപ്പിച്ചറിവെൻ മനതാറിൽ നിറച്ചു.
ലോകമെന്തന്നറിയാ നൊരാ-
യുധമാമക്ഷരം.
ആദ്യമായെഴുതിച്ചതു
നേർത്തോർമ്മമാത്രം!
ആദ്യക്ഷരം മുതലിത്ര നാൾ
വരേയ്ക്കുമക്ഷരം സർവ്വത്ര
സുപ്രധാനം-
സ്വയമെരിയവേ പ്രകാസശം
ചൊരിയുന്ന മെഴുതിരിയാണു നീ
ഗുരുവേ ഇരുട്ടാം "ഗു"വിനെയകറ്റും
"രു"എന്ന ശക്തി ഗുരുതന്നെയല്ലോ.....
ദൈവതുല്യനാം ഗുരുവേ നിന്നുടെ-
പാദസ്പർശമേ നൽകുന്നു
പുതുജീവൻ.
ശിഷ്യഗണം തൻ മനസ്സിലിരുൾ
പാകിയ ചിത്തത്തിലായിന്ന് വിദ്യാജ്ഞലം
നൽകി ശുദ്ധമാക്കി.

*ഷാഹിന*

# മഴ



മഴയുടെ  ചെറുതുള്ളികൾ വീഴുമ്പോൾ
ആനന്ദോത്സവം ഭൂമിയ്ക്ക്
മഴത്തുള്ളികൾ പുണരും പൂക്കളെ
ആനന്ദമായി നിൽക്കും വൃക്ഷച്ചില്ലകളെയും
ഭൂമിയാകുന്ന അമ്മയുടെ ദാഹം
ശമിപ്പിക്കുന്നവൻ നീ


മാസത്തിൽ മഴപെയ്താൽ
സന്തോഷപൂരിതം കർഷകർക്ക്
പ്രകൃതിയെ നശിപ്പിക്കാതെ
കാത്തുകൊള്ളുക ഈ അനുഗ്രഹമായ
"മഴയെ "

ഫാത്തിമ എസ് (൯ ബി)

# ഓഗ്മെൻറസ് അനലിറ്റിക്സ്

ഡേറ്റ സയൻസിലെ ഏറ്റവും നൂതനവും വിപ്ലവകരവുമായ സങ്കേതമാണിത്. ഡേറ്റ നിർവചിക്കുകയും വ്യാഖ്യാനിക്കുകയും പുനരവതരിപ്പിക്കുകയും ചെയ്യുമ്പോൾ കടന്നുകൂടുന്ന ചെറിയ പിഴവുകൾ പോലും ആ ഡേറ്റയെ ആശ്രയിക്കുന്ന ബിസിനസ് സംരംഭങ്ങൾക്കും വ്യവസായങ്ങൾക്കും വലിയ നഷ്ടങ്ങളുണ്ടാക്കിയേക്കാം. നിർമിതിബുദ്ധിയുടെയും മെഷീൻ ലേണിങ്ങിൻെറയും സഹായത്തോടെ ഡേറ്റയെ ലളിതമായി ആവിഷ്കരിക്കുകയും മറ്റു സ്വാധീനങ്ങളിൽ നിന്ന് മുക്തമാക്കുകയും ചെയ്യുകയാണ് ഓഗ്മെൻറഡ് അനലിറ്റിക്സ്. ഡേറ്റ സയൻറിസ്റ്റുകളുടെ പ്രാധാന്യംകുറയും, ആർക്കും ഡേറ്റസയൻറിസ്റ്റാകാം എന്ന സ്ഥിതി വരും.

ഷാഹിന.എസ്


Try getting life insurance
when somebody is always
supplying you tobacco...

എസ്.ദേവിക (9 എ)

# ഗ്രാമഭംഗി

അന്ധകാരത്തിൻ വനത്തിലല്ല
നാഗരികതയുടെ ഉള്ളിലല്ല
മദ്ധ്യവയസ്കനായി നിൽക്കുന്ന
എന്നുടെ കൊച്ചുഗ്രാമം.

പച്ചവിരിച്ചൊരു പാടമുണ്ട് ,മഞ്ചാടിക്കുന്നുകളും
കുന്നിൻെറ തീരത്തരുവിയുണ്ട്, ആറ്റിൻതീരമുണ്ട്
തത്തകൾ കൊത്തിപ്പെറുക്കുമ്പോൾ
ദുന്ദുഭികൊട്ടുന്ന മാരാർ വരും.

ചിറകുകൾ തമ്മിൽ ക്രുട്ടിയുരസിയിട്ടാകാശമാകെ-
പറന്നുയരും പൂക്കൾ തലോടും തുമ്പികളും
പല്ലക്കിലേറീടുന്ന മേഘങ്ങളും വെണ്മയുള്ള തുമ്പയും
എൻെറ ഗ്രാമത്തിൻെറ ഐശ്വര്യം

രാഖിതമ്പി
കൈറ്റ്മിസ്ട്രസ്സ്

# പരിസ്ഥിതിക്ക് അനുയോജ്യം ജൈവകൃഷി



shutterstock.com • 427195957

പരിഷ്കാരവും ഫാഷൻഭ്രമവും വർദ്ധിച്ചതോടുകൂടി ആധുനിക മനുഷ്യന്റെ ഭക്ഷണത്തിലും ജീവിതരീതിയിലും പരമ്പരാഗത സമ്പ്രദായങ്ങളിൽ നിന്ന് സാരമായ വ്യത്യാസമുണ്ടായി.തൽഫലമായി ഭക്ഷണത്തിന്റെ രുചിയും ജീവിതത്തിന്റെ വർണ്ണഭംഗിയും വർദ്ധിച്ചെങ്കിലും മുമ്പെങ്ങും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത പലവിധരോഗങ്ങൾ അവനെ കീഴ്പ്പെടുത്താൻ തുടങ്ങി. മനുഷ്യന്റെ ശരീരപ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങാത്ത ഭക്ഷണരീതിയും ജീവിതരീതിയും അവലംബിച്ചതുകൊണ്ടാണ്. ആധുനികകാലത്ത് മനുഷ്യൻ പല വിധ രോഗാക്രമണങ്ങൾക്ക് വിധേയനാകുന്നതെന്നുള്ള തിരിച്ചറിവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.
രാസവളങ്ങളും കീടനാശിനികളും അനിതമായി പ്രയോഗിച്ചുള്ള കൃഷിസമ്പ്രദായം മണ്ണും ജലവും വായുവും വിഷയമാക്കി. നാം കഴിക്കുന്ന
ഭക്ഷണത്തിലൂടെയും കുടിക്കുന്നവെള്ളത്തിലൂടെയും ശ്വസിക്കുന്ന വായുവിലൂടെയും ഈ വിഷയങ്ങളെല്ലാം നമ്മുടെ ശരീരത്തിൽ കുന്നുകൂടുന്നു. അതുകൊണ്ടാണ് നാം പലവിധരോഗങ്ങൾക്ക് അടിമപ്പെടുന്നതെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇന്ന് രാസവളത്തിന്റെ ഉപയോഗം കുറച്ച്.

ആ സ്ഥാനത്ത് ജൈവവളങ്ങൾ സ്വയം ഉല്പാദിപ്പിച്ച് ഉപയോഗിക്കാൻ തുടങ്ങിക്കഴിഞ്ഞു. അതുപോലെ തന്നെ ഉഗ്രവിഷമുള്ള രാസകീടനാശിനികളുടെ സ്ഥാനത്ത് ജൈവകീടനാശിനികൾ നാം ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു.

ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുകയും ഉപജീവത്തിനായി ആശ്രയിക്കുകയും ചെയ്യുന്ന ഒട്ടനവധി ആളുകൾ ലോകത്തെമ്പാടും ഉണ്ട്.
ജൈവകൃഷിയി്ടങ്ങളുടെവർദ്ധനവ് ഇതിന് തെളിവാണ്.

## .എന്താണ് ജൈവകൃഷി

വ്യക്തിക്കും സമൂഹത്തിനും രാജ്യത്തിനും ആരോഗ്യദായകമായ ഭക്ഷണപദാർത്ഥങ്ങൾ ഉല്പാദിപ്പിച്ച് നൽകുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥനിലനിർത്തുന്നതിനും വേണ്ടിയാണ് ജൈവകൃഷി നടത്തുന്നത്.

## എന്തിനാണ് ജൈവകൃഷി

വ്യക്തിക്കും സമൂഹത്തിനും രാജ്യത്തിനും ആരോഗ്യദായകമായ ഭക്ഷണപദാർത്ഥങ്ങൾ ഉല്പാദിപ്പിച്ച് നൽകുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും വേണ്ടിയാണ് ജൈവകൃഷി നടത്തുന്നത്.

# എങ്ങനെയാണ് ജൈവകൃഷി

രാസവളങ്ങളും മാരകങ്ങളായ കീടനാശിനികളും ഉപയോഗിക്കാതെ വിളപരിപാലനമാണ് ജൈവകൃഷി.




ദീജ

എച്ച്.എസ്.എ ബയോളജി

# സോഫിയ (റോബോട്ട്)

കൃത്രിമബുദ്ധി (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് )സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ച യന്ത്രമനു-



ഷ്യനാണ് സോഫിയ. സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനൊയിട്റൊബോട്ടായി ഇതിനെ അറിയപ്പെടുന്നു. ഹാൻസൺ റോബോട്ടിക്സ നാണ്സോഫിയയുടെ നിർമാതാക്കൾ. ഒരു രാജ്യം പൗരത്ത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ.സൗദിയിൽ നടക്കുന്ന ഭാവി നിക്ഷേപ സംരംഭ സമ്മേളനത്തിൽവച്ച് 2017 ഒക്ടോബർ 25 നാണ് സൗദി സർക്കാർ സോഫിയയ്ക്ക് പൗരത്ത്വംനല്കിയത്. വിവരവിശകലനത്തിനും മുഖഭാവം തിരിച്ചറിയുന്നതിനുമുള്ള കഴിവ് ഈ റോബോട്ടിനുണ്ട്. മനുഷ്യരുടെ അംഗചേഷ്ടകൾ അനുകരിക്കാനും ചോദ്യങ്ങ-ൾക്ക് മറുപടി പറയാനും സാധിക്കും .



# മലയാളം ഐ.ടി. ക്വിസ്സ്

1.AND എന്നത് ഒരു ____________ആണ്

ഉത്തരം:ലോജിക്കൽ ഓപ്പറേറ്റർ

2.കംപ്യൂട്ടർ ചിപ്പുകൾ ഉണ്ടാക്കാൻ നിർമിക്കുന്ന പദാർത്ഥം?

ഉത്തരം:സിലിക്കൺ

3.WWW എന്നതിൻെറ പൂർണ്ണരൂപം എന്താണ്?

ഉത്തരം:world wide web

4.കൊച്ചിയിലെത്തുന്ന ഒരു രാജ്യാന്തര കടൽ കേബിൾ ശൃംഖല ?

ഉത്തരം:safe

5. C-DAC എന്നതിൻെറ പൂർണ്ണരൂപം ?

ഉത്തരം:Center Development of Advanced Computing


6.ഇന്ത്യയിൽ ആദ്യം നിർമിക്കപ്പെട്ട സൂപ്പർ കംപ്യൂട്ടർ

ഉത്തരം:പരം

7.WAP എന്നതിൻെറ പൂർണ്ണരൂപം എന്താണ് ?

ഉത്തരം:wireless application protocol

8.ആപ്പിൾ കംപ്യൂട്ടർകമ്പനിയുടെ സ്ഥാപകരിലൊരാ-ളായ ഈ വ്യക്തി ആരാണ്?




ഉത്തരം:ജോബ് വാട്ട്സ്


# വസന്തകാലം

വസന്തമായൊരുവേളയിലിന്നെൻ
മനം തുടുത്തു വിറച്ചിടുന്നു
കണ്ണിനു കുളിർമ്മ വർണ്ണങ്ങൾ
കണ്ണിനു കാന്തിയേകുന്നു
സുന്ദരിയായൊരു പൊന്നാമ്പൽപ്പൂ
തുടുത്തു നിന്നേ പൊൻവെയിലിൽ
തുമ്പയും ഒട്ടും കുറവില്ല
കുടനിറച്ചു നിൽക്കുന്നേ
തുമ്പയും തുളസിയും മിന്നി മറയുന്നു
മേടുകൾ തോറും പുഷ്പങ്ങൾ
വസന്തകാലം വന്നെത്തി
ഭൂമിയും സുന്ദരിയാകുന്നു

*ഗീതു ഗോപൻ (൯ എ)*


# കുട്ടികളുടെ സൃഷ്ടികൾ ജിമ്പിൽ











# സ്കൂൾ പാർലമെൻറ് തെരെഞ്ഞെടുപ്പ്



# ശാസ്ത്രലോകത്തേക്ക് ഒരു എത്തിനോട്ടം





ഹൈടെക് ക്ലാസ്സ് മുറി





ലിറ്റിൽ കൈറ്റ്സ് പരിശീലനം

# നവോത്ഥാന കേരളം



# കടപ്പാട്

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങൾക്കും അതിന് നേതൃത്വം നൽകിയ രാഖി ടീച്ചറിനും മിനി ടീച്ചറിനും സ്ക്കൂൾ ഐ.ടി കോ-ഓഡിനേറ്റർ ബിന്ദു ടീച്ചറിനും നന്ദി അറിയിക്കുന്നു.

എഡിറ്റർ